**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1492** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കണ്ടറി അഡീഷണൽ ബാച്ചുകളും അദ്ധ്യാപക നിയമനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2017 ന ശേഷം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ എത്ര അഡീഷണൽ ബാച്ചുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിൽ എത്ര ബാച്ചുകൾ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | ഹയർ സെക്കൻഡറി സ്കൂളുകളിൽ 2017 മുതൽ നാളിതുവരെ 318 താത്കാലിക അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. ടി താത്കാലിക ബാച്ചുകളെയൊന്നും സ്ഥിരപ്പെടുത്തിയിട്ടില്ല. |
| (ബി) | അഡീഷണൽ ബാച്ചുകളിൽ തസ്തിക അനുവദിച്ചിട്ടില്ലെങ്കിൽ അവിടെ എപ്രകാരമാണ് താത്കാലിക അധ്യാപക നിയമനം നടത്തുന്നതെന്ന് വിശദമാക്കുമോ; അത്തരം തസ്തികകളിലേക്ക് പി.എസ്.സി ലിസ്റ്റുകളിൽ നിന്നുള്ളവരെയോ ട്രാൻസ്ഫർ മുഖാന്തിരമോ അധ്യാപകരെ നിയമിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ബാച്ചുകളിലെ പീരീഡുകൾക്ക് അനുസൃതമായാണ് താത്കാലിക അധ്യാപകരെ നിയമിക്കുന്നത്. ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകാറുണ്ട്. |
| (സി) | 2022 ന് ശേഷം ഹയർസെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അംഗീകാരം നൽകിയ എച്ച്. എസ്. എസ്. ടി. ജൂനിയർ മലയാളം തസ്തികയിൽ സ്ഥിര അധ്യാപക നിയമനം നടത്തി വരുന്നുണ്ടോ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ മേഖലാ ഉപമേധാവിമാർ തസ്തിക നിർണയ പ്രകാരം ഉറപ്പ് വരുത്തിയ എച്ച്.എസ്.എസ്.ടി. (ജൂനിയർ) മലയാളം തസ്തികകളിൽ അധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ട്. സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ഇത്തരം ഒഴിവുകളിൽ ഭിന്നശേഷി സംവരണത്തിന് വിധേയമായി നിയമന അംഗീകാരം നൽകി വരുന്നു. |
| (ഡി) | ഹയർസെക്കണ്ടറി ബാച്ചുകളിൽ അൻപത് കുട്ടികളിൽ അധികമായി പ്രവേശിപ്പിക്കുന്ന വിദ്യാർത്ഥികളെ (മാർജിനൽ ഇൻക്രീസ്) മലയാളം ഉൾപ്പടെയുള്ള സെക്കന്റ് ലാംഗ്വേജ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കാറുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | ഹയർ സെക്കൻഡറി ബാച്ചുകളിൽ മാർജിനൽ ഇൻക്രീസിൽ ഉൾപ്പെട്ട കുട്ടികളെ ഉപഭാഷ വിഭാഗ നിർണ്ണയത്തിൽ ഉൾപ്പെടുത്താറില്ല. മാർജിനൽ ഇൻക്രീസ് ഒരു താത്കാലിക സംവിധാനമാണ്. ഓരോ അക്കാദമിക വർഷത്തിലും പ്ലസ് വൺ അഡ്മിഷൻ സമയത്ത് സീറ്റുകളുടെ ലഭ്യതയും അപേക്ഷകളുടെ എണ്ണവും പരിഗണിച്ച് പ്ലസ് വൺ സീറ്റുകളിലെ താത്കാലിക വർധനവ് (മാർജിനൽ ഇൻക്രീസ്) അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. അതിനാൽ, മാർജിനൽ ഇൻക്രീസ് പരിഗണിച്ച് തസ്തിക നിർണയം |

| | | | |
|---|---|---|---|
| | | | നടത്തി സ്ഥിരം തസ്തികകൾ അനുവദിച്ചാൽ, വരും അക്കാദമിക വർഷങ്ങളിൽ അധിക സാമ്പത്തിക ബാധ്യതയുടെപ്പെടെയുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് കാരണമാകും. |

സെക്ഷൻ ഓഫീസർ